പുനമ്പ് മല

ബിനീഷ് പിലാശ്ശേരി

പുനമ്പ് മല

ബിനീഷ് പിലാശ്ശേരി
(മലയാളം: ചെറുകഥ)

© 2025, Bineesh Pilassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Hopetoun Falls, Beech Forest, near Otway National Park, Victoria, Australia, a photograph by Diliff. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ગુજરાતી કથા

ગુજરાતી કથા ગુજરાતી કથા ગુજરાતી કથા

അവൾ സന്തോഷത്തോടെ തലയാട്ടി തിരിച്ചു നടന്നു. പിന്നിലുഴിഞ്ഞിരുന്ന അയാളുടെ കൈകളിൽ നിന്ന് അവളുടെ ഉടുപ്പ് വഴുതിയകന്നു...

സുധയുടെ ഉപ്പൂറ്റി വിണ്ട കാലുകളെ കാട്ടുപരലുകൾ കൊത്തിപ്പറിച്ചു. കൈയിലിരുന്ന സാരിത്തുണി പാറയിലേക്കിട്ടു. തരിച്ച കാലുകൾ വലിച്ച് സുധ കല്ലുവിന്റെയടുത്ത് ഇരുന്നു പോയി.

കണ്ണുകൾ തുറന്ന് ചിമ്മിയടച്ചപ്പോൾ കല്ലുവിന്റെ കവിളിലൂടെ രണ്ട് തുള്ളി ചുടുകണ്ണീർ ചെവിയിലേക്ക് വീണൊഴുകി.

'ഈ പാറേല് വെച്ചാ ടീച്ചറേ..., എനക്കൊന്നും അറിയില്ലായ്ര്ന്ന്..., എല്ലാം മനസ്സിലായപ്പേക്കും...'

സുധയാകെ മരവിച്ചിരുന്നു.

'ചെറിയമ്മയല്ലാതെ ആര് ചോദിച്ചിട്ടും ഞാനയാളെ..., കാണിച്ച് കൊട്ത്തില്ല..., പറഞ്ഞാ കൊല്ലുന്നാ പറഞ്ഞെ..., സമ്ദായത്തിന്റെ പൊറത്ത്ള്ള ആളാന്നറിഞ്ഞാല് ഊര്ന്ന് പൊറ്ത്താക്കും...,'

സുധ അവളുടെ പിണച്ചിട്ട കൈകളിൽ തന്റെ വിറയ്ക്കുന്ന കൈ വച്ചു.

'ഞാനെവിടെപ്പോവും ടീച്ചറെ... നിക്കാരാള്ള്ത്...,' അവളുടെ വാക്കുകൾ മുറിഞ്ഞു.

'പോവണേയ്ന് മുമ്പ് അയാള് ചെറിയമ്മക്ക് പൈസ കൊട്ത്തുന്നറഞ്ഞു..., ആ മഴക്കാലം കൈഞ്ഞ് അയാള് വന്നില്ല..., സുബ്ബൂനെ വിചാരിച്ചാണ്..., അല്ലെങ്കി...' അവളുടെ കവിളിലൂടെയിറങ്ങിയ ഉപ്പുനീർ പാറയിൽ വീണു വറ്റി...

പരീക്ഷയ്ക്കു മുമ്പ് ഒരു ദിവസം സുധ ടൗണിലേക്ക് പോയിരുന്നു. കുട്ടികൾക്കോരോരുത്തർക്കായി പെൻസിലും മറ്റും സമ്മാനമായി കൊടുക്കണമെന്ന് എന്നോ കരുതിയതാണ്. പരീക്ഷയുടെ അവസാനദിവസം, മറ്റെല്ലാവരും പോയിക്കഴിഞ്ഞ് സുധ കല്ലുവിനെയും സുബ്ബുവിനെയും ക്ലാസിലേക്ക് വിളിച്ചു വരുത്തി. ഒരു പൊതി അവരെ ഏൽപ്പിച്ചു:

'ഓണത്തിന് രണ്ടാളും ഇതിടണം..., നല്ല ഭക്ഷണമുണ്ടാക്കിക്കഴിക്കണം...,'

സുധ തലയിൽ തഴുകിയപ്പോൾ കല്ലുവിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. അവൾ സുധയുടെ ചുമലിലേക്ക് ചാഞ്ഞു...

'പെണ്ണുങ്ങൾ കരയരുത്...' സുധ അവളുടെ ചുമലിൽ തട്ടി.

നിലത്തേക്ക് കുത്തിയിരുന്ന് സുബ്ബുവിന്റെ മുഖം സുധ കോരിയെടുത്തു.

'ടീച്ചറ് വേം വെരണം..., ഞാന് ഇന്യെന്നും സ്കൂളിലിക്കി വെരും..., ഞാനും പഠിച്ച് വെല്ല്യാളാവും.'

അവന്റെ കണ്ണുകളിലേക്ക് നോക്കിയപ്പോൾ അത്ര നേരം പിടിച്ചു നിന്ന സുധയുടെ കണ്ണുകളിൽ ഉറവ പൊട്ടി.

'വരാം...'

ഊരാളിക്കുന്നിറങ്ങുമ്പോൾ തുടങ്ങിയ മഴ ചുരമിറങ്ങുന്നതു വരെ സുധയെ വേട്ടയാടി.

ഓണത്തിന്റെ പിറ്റേന്നാണത്; 'അമ്മേ... അമ്മയുടെ ജോലിസ്ഥലമല്ലേയിത്..., പുനമ്പടിവാരം...?'

മകൾ ടിവിയിലെ പ്രധാന തലക്കെട്ട് കാണിച്ചു. സുധ വാർത്തയിലേക്ക് കണ്ണോടിച്ചു....

സുധയുടെ തലയിലൊരു കൊള്ളിയാൻ മിന്നി. അങ്ങ് ദൂരെ പുനമ്പുമലയുടെ മുകളിലെയെന്ന പോലെ.

ബസ്സു കയറിയാൽ ഉടനെ ഉറങ്ങുന്ന സുധ അന്ന് ഒട്ടും മയങ്ങിയില്ല.

അത്ര ദിവസവും തന്നെ കാത്തിരുന്നപോലെ മഴ പെയ്തു കൊണ്ടേയിരിക്കുകയായിരുന്നു ചുരത്തിൽ. ടൗണിലിറങ്ങുമ്പോഴും പേമാരി കൂടെത്തന്നെയുണ്ട്.

'അഞ്ചാറ് ദിവസായി നിക്കാണ്ട് പെയ്യാണ്... അങ്ങോട്ടുള്ള ബസ്സ് ഓട്ടം നിർത്തി...,'

ബസ്റ്റാന്റിൽ നിന്നു കേട്ടു, 'ജംഗ്ഷനീപ്പോയാച്ചെലപ്പൊ ജീപ്പ് കിട്ടും.'

അറിഞ്ഞത് തെറ്റല്ല. ആളുകളെ കുത്തിനിറച്ചു വന്ന ഒരു ജീപ്പിൽ സുധയും ഇടം പിടിച്ചു.

അടിവാരമെത്തുന്നതിന്റെ മുമ്പായി നിർത്തി വണ്ടിക്കാരൻ പറഞ്ഞു: 'ഇനിയങ്ങോട്ട് പോവില്ല.'

സുധ കുട നിവർത്തി നടന്നു.

പുനമ്പടിവാരം പ്രളയഭൂമിയായി കഴിഞ്ഞിരിക്കുന്നു...,

ഉരുളൻകല്ലുകളടക്കം കാട്ടുമരങ്ങൾ കടപുഴകി വന്ന് റോഡിൽ അടിഞ്ഞുകൂടിയിരിക്കുന്നു.

തകർന്നു കിടക്കുന്ന കടമുറികൾ.

റോഡിലേക്കിറങ്ങിയ ചളിമണ്ണ് ചെറുപ്പക്കാർ കൊത്തി മാറ്റാൻ ശ്രമിക്കുന്നുണ്ട്.

ആരും ആരെയും ശ്രദ്ധിക്കുന്നില്ല. പരിചിതമായ മുഖങ്ങളിൽ ഒന്ന് തൊമ്മിച്ചന്റേതായിരുന്നു. നിലം പൊത്തിയ ചായക്കടയുടെ അസ്ഥികൂടത്തിൽ നിന്നും അയാളും ഭാര്യയും എന്തൊക്കെയോ തിരയുന്നു.

ആളുകളുടെ മുഖത്ത് പരിക്കുകളുടെ കൂടെ നിർവ്വികാരതയും തളം കെട്ടി നിന്നു.

'ടീച്ചറെ...,' സുധ തിരിഞ്ഞു നോക്കി. രാജനാണ്.

'എല്ലാം പോയി ടീച്ചറേ...,' അയാളിൽ സങ്കടമില്ല. മറിച്ച് അളക്കാനാവാത്ത മറ്റെന്തോ വികാരമായിരുന്നു.

'കുറേപ്പേര് പോയി..., കുറച്ചാളെ കിട്ടി... എല്ലാരും ഫോറസ്റ്റ് ഓഫീസിലാണ്...'

സുധ അങ്ങോട്ടു നടക്കുന്നതിനിടയിൽ ഊരാളിക്കുന്നിലേക്ക് കണ്ണെറിഞ്ഞു..., ആ വലിയ മലയുടെ പകുതിയും ഉരുൾപൊട്ടലിൽ അടർന്ന് കാണാതായിരിക്കുന്നു...!!

ആർപ്പുവിളികൾക്കിടയിലൂടെ അവൾ ആരെയോ തിരഞ്ഞു നടന്നു. വെറുംനിലത്തും പായകളിലും ചളിയിൽ കളിച്ച മനുഷ്യർ ഞരങ്ങുന്നു. ചിലർ നെഞ്ചടിച്ച് നിലവിളിക്കുന്നു.

'ആർക്കെങ്കിലും തിരിച്ചറിയാൻ പറ്റുന്നുണ്ടോ...' കെട്ടിടത്തിന്റെ പിൻഭാഗത്തു നിന്നും ഒരാൾ ആരോടെന്നില്ലാതെ വിളിച്ചു ചോദിച്ചു.

സുധ അങ്ങോട്ടു നടന്നു. മണ്ണിൽ കുളിച്ച അനക്കമറ്റ മനുഷ്യശരീരങ്ങൾ പനമ്പായകളിലും പ്ലാസ്റ്റിക് ഷീറ്റുകളിലും നിരത്തി വെച്ചിരിക്കുന്നു....,

ഓരോ മുഖങ്ങൾ കാണുമ്പോഴും സുധയുടെ ഹൃദയം നീറി...;

അവസാന കാഴ്ച്ചയിൽ മുറുക്കിച്ചുവപ്പിച്ച വാ തുറന്ന് നിഷ്കളങ്കമായി ചിരിച്ചവർ...,

'ടീച്ചറിന്ന് കറിക്കൊന്നും വാങ്ങണ്ടാട്ടോ... വീട്ട്കാരൻ കാട്ട്പ്പോയ്ട്ട്ണ്ട്...' മക്കളുടെ ഗുരുനാഥയെ സന്തോഷിപ്പിക്കാൻ മത്സരിച്ച കാടിന്റെ മക്കൾ...,

'ടീച്ചറെ... ലേശം അരി തെരോ...' ഇരുട്ടിൽ ജനലഴികളിലൂടെ മുറവുമായി യാചിച്ചവർ...,

'ടീച്ചറെ... ന്റെ പേരക്കുട്ടീനെ പട്പ്പിച്ച് വെല്യ ഡോക്ടറാക്കണം...' ആദ്യമായി ഊരാളിക്കുന്നിലേക്കു വഴികാണിച്ച വൃദ്ധദമ്പതികൾ..., അവരിതാ... ഇന്നും തൊട്ടുരുമ്മിക്കിടക്കുകയാണ്...

യാന്ത്രികമായി നീങ്ങിയ സുധയുടെ കൈകളിൽ ആരോ പിടുത്തമിട്ടു. താഴേക്ക് നോക്കി...,

'സുബ്ബൂ...' അവന്റെ കുഞ്ഞുകണ്ണുകളിൽ നിറഞ്ഞു തുളുമ്പാനായി നിൽക്കുന്നത് ഭീതിയോ യാചനയോ...

'അമ്മയെവിടെ മോനേ...?' ചളിപുരണ്ട അവന്റെ നഗ്നമായ തോളുകളിൽ പിടിച്ച് സുധ ചോദിച്ചു.

ആൾക്കൂട്ടമില്ലാത്ത മൂലയിലേക്കവൻ കുഞ്ഞുവിരൽ ചൂണ്ടി.

സുധ ആ ഭാഗത്തേക്ക് നടന്നു. അവളുടെ കൈവിരലിൽ പിടിച്ച് സുബ്ബുവും.

കല്ലു...!

പനമ്പായയിൽ നീണ്ടു മലർന്നു കിടക്കുകയാണവൾ...; കാട്ടരുവിക്കടുത്ത പരന്ന പാറയിലെന്ന പോലെ.

താൻ വാങ്ങിക്കൊടുത്ത ഓണക്കോടിയാണവൾ ധരിച്ചിരുന്നത്. തന്റെ മകൾക്കു വേണ്ടി വാങ്ങിയ വെള്ളിപ്പാദസരമാണ് അവളുടെ ചളി പുതഞ്ഞ കാലുകളിൽ...

'പൈക്കളെ മേക്കാൻ പോയതോണ്ട് കുട്ടി രക്ഷപ്പെട്ടു...' ആരോ പറയുന്നത് കേട്ടു.

സുധ കല്ലുവിന്റെ അടുത്തിരുന്നു. മരക്കൊമ്പ് കൊണ്ട് കീറിയ അവളുടെ നഗ്നമായ തുടഭാഗം മറച്ചു.

ആ മുഖത്തേക്ക് തന്നെ നോക്കിയിരുന്നു..., അന്നാദ്യമായി കല്ലു ചിരിക്കുന്നതായി തോന്നി.

സുധയുടെ ഇടതുകൈയിലെ പിടുത്തം കൂടുതൽ കൂടുതൽ മുറുകിക്കൊണ്ടിരുന്നു...

സുബ്ബുവിന്റെ മങ്ങിയ കണ്ണുകളിൽ നീരു വറ്റിയിരുന്നു...

ആ കണ്ണുകളിലേക്കു നോക്കിയപ്പോൾ വീട്ടിലെ ചുമരിൽ തൂക്കിയ ഫോട്ടോയിലെ കണ്ണുകൾ സുധയുടെ ഓർമ്മയിൽ വീണ്ടും തെളിഞ്ഞു വന്നു...;

ഏകാധ്യാപകനായിരുന്ന രവിമാഷിന്റെ കണ്ണുകൾ...

□

ബിനീഷ് പിലാശ്ശേരി

1986-ൽ കോഴിക്കോട്, ഫറോക്കിലെ കൊടക്കല്ലുപറമ്പിൽ ജനനം. കോഴിക്കോടും തുടർന്ന്, വയനാട്ടിലെ സുൽത്താൻ ബത്തേരിയിലുമായി സ്കൂൾപഠനം. നിലവിൽ കോഴിക്കോട്, കുന്ദമംഗലത്തിനടുത്ത് പിലാശ്ശേരിയിൽ സകുടുംബം സ്ഥിരതാമസം. ULCCS എന്ന കമ്പനിയിൽ നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്നു.

മാതാപിതാക്കൾ: ബാലൻ, തങ്കമണി.
ഭാര്യ: ജിഷ.
മകൻ: ശിവതേജ്.

എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക

ഈ കൃതി കൊള്ളാമെന്ന് തോന്നിയാൽ ചുവടെ ചേർത്തിട്ടുള്ള ക്യൂ ആർ കോഡ് വഴി വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. ഇതിലൂടെ സ്വതന്ത്ര പ്രകാശനത്തിലേയ്ക്ക് കൂടുതൽ എഴുത്തുകാരെ ആകർഷിക്കുക. എഴുത്തുകാർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് സാമ്പത്തിക സഹായം നൽകി അറിവ് സ്വതന്ത്രമാക്കാൻ സഹായിക്കുക.

Binish binjish

UPI ID: binishbinjish22354-1@okaxis

Scan to pay with any UPI app

Download QR Code

കൂടുതൽ വിവരങ്ങൾ അടുത്ത താളിൽ (പിൻകുറിപ്പിൽ).

പിൻകുറിപ്പ്

സായാഹ്ന എഴുത്തുകാർക്ക് പ്രതിഫലം നല്കുന്നുണ്ടോ എന്നത് പല വായനക്കാരും എഴുത്തുകാരും നിരന്തരം അന്വേഷിക്കുന്ന കാര്യമാണ്. ഇല്ല. ഒരു സ്വതന്ത്ര പ്രസാധന സംരംഭം എന്ന നിലയ്ക്ക് അതിനു കഴിയില്ല, അതു ശരിയുമല്ല എന്നാണ് സായാഹ്ന കരുതുന്നത്. എന്നാൽ, ഡിജിറ്റൽ കാലത്ത് നമുക്ക് മറ്റൊരു രീതി അവലംബിക്കാവുന്നതാണ്.

ഒരു കൃതി വായിച്ചുതീരുമ്പോൾ അതു കൊള്ളാമെന്നും ഇതെഴുതിയ ആൾക്ക് എന്തെങ്കിലും പ്രതിഫലം നല്കേണമെന്നും തോന്നിയാൽ അതേ കൃതിയിൽ കാണുന്ന ലിങ്ക് വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്.

പകർപ്പവകാശം കഴിഞ്ഞ കൃതികളെ സംബന്ധിച്ച് ഈ തുക സായാഹ്നയുടെ അക്കൗണ്ടിലേക്കായിരിക്കും എത്തുക. അത് കൂടുതൽ കൃതികളുടെ ഡിജിറ്റൈസേഷന് വേണ്ടിയായിരിക്കും ചെലവഴിക്കുക.

കൃതിയോടൊപ്പമുള്ള ക്യു. ആർ. കോഡ് സ്കാൻ ചെയ്താൽ ഗൂഗ്ൾ പേ, ഭീംആപ്, തുടങ്ങിയ യുപിഐ ആപ്പുകൾ വഴി ഇഷ്ടാനുസരണം ഗ്രന്ഥകർത്താവിന് നേരിട്ട് പണം അയക്കാവുന്നതാണ്.



അതേ ഫോണിൽ നിന്നുതന്നെയാണ് പണം അയക്കേണ്ടതെങ്കിൽ ക്യുആർകോഡിന്റെ സ്ക്രീൻഷോട്ടെടുത്ത് ഫോണിന്റെ ഗാലറിയിൽ ആണോ അത് സൂക്ഷിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുക. ഗൂഗ്ൾ പേ ആപ്പിൽ Scan any QR code എന്ന ഐക്കണിൽ അമർത്തിയാൽ ക്യുആർ കോഡ് സ്കാൻ ചെയ്യാനുള്ള സ്ക്രീനിൽ വരുന്നു. അതിന്റെ താഴെ Upload from gallery എന്ന ഐക്കണിൽ തൊട്ട് ഗാലറിയിലുള്ള സ്ക്രീൻഷോട്ട് സെലക്ട് ചെയ്യുക. തുക ടൈപ്പ് ചെയ്ത് സാധാരണ മാതിരി പെയ്മെൻറ് നടത്താം.



സ്ക്രീൻഷോട്ടിനു പകരം ഇതേ കൃതിയോടൊപ്പം കൊടുക്കുന്ന ക്യുആർകോഡിന്റെ ചിത്രം ഡൗൺലോഡ് ചെയ്യുകയും ആവാം.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014